
NHSS ENGANDIYUR
little KITEs

# സന്ദേശം

നമ്മുടെ സകൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടികൾ " നിറവ് " എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ അതിയായി സന്തോഷിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ഇറക്കുന്ന രണ്ടാമത്തെ മാഗസിനാണിത് . നമ്മുടെ കുരുന്നുകളുടെ സർഗ്ഗ ഭാവനകൾക്ക് നിറം പകരാനും പ്രോൽസാഹനമാവാനും ആധുനിക സാങ്കേതിക വിദ്യ ഉപയുക്തമാക്കാനും ഇത്തരം ഉദ്യമങ്ങൾ പ്രപ്ഷ്ടമാവട്ടെ എന്നാശംസിക്കുന്നു.

*ഹെഡ്മിസ്ട്രസ്*
*ഷൈനി സി.എസ്*

## EDITORIAL BOARD

- ***NAVANEETH V S***
- ***ADWAITH K RAJEESH***
- ***AMALKRIHNA***
- ***SAYOOJ S CHUNKATH***
- ***ZEENATH V***

***SREEDEVI N S***

# NATURE



Nature has been in existence long before humans and ever qualsince it has taken care of mankind and nourished it forever. In other words it offers us a protective lair which guards us against all kind of damages and harms. Survival of mankind without nature is impossible and humans need to understand that.

If nature has the ability to protect us, it is also powerful enough to destroy the entire mankind. Every form of nature, for instance, the plants, animals, rivers, mountains, moon and more holds equal significance for us. Absence of one element is enough to cause a catastrophe in the functioning of human life.

Mankind's activities are pointing to the destruction of the world. Humans are exploiting nature for their own needs. By cutting trees, demolishing hilly terrains they are destroying the natural equilibrium. The increase in the number of vehicles and industries are the another factors that point towards the destruction of nature. Nature provide every thing to the mankind. But they only give destruction to nature.

Further, the air we breath and the wood we use for various purposes are a gift of nature only. But, with technological advancements, people are not paying attention to nature. The need to conserve and balance the natural assets is rising day which requires immediate attention.

Alna Nimesh -XA

# حال المطر

مطرمطرمااحلالاها
مطرعادت في قريتنا
وصلت مطرقطرقطر
مزرع ملعب ايضا مطر
سرت كل هاذاالمرة
حصل المطر لكل غزيرا
كاداالمطر سيلا سيلا
سار الناس خوفا منها
كاداالسر حزنا لناس
حال الزرع ومبني كل
عرق الناس طول حياة
غرق الماءبسيل الفات
قول العارف ما معناه

# مالك اليوم فقيرالتالي

x ب **Rinshida TK** رنشدة دك



# <u>***സുന്ദരകേരളം***</u>

കൊച്ചുകേരളമാണെന്റെ നാട്.

മലയാളതനിമയുള്ള നാട്

നാൽപത്തിനാല് നദികൾ
നിറഞ്ഞൊഴുകും നാട്

കേരളമാണെന്റെ നാട്

പലമൊഴികൾ കേൾക്കും

തുഞ്ചന്റെ കിളികൾ പാടും നാട്

കളകളംമുഴക്കും പുഴകളും


ഇടതൂർന്ന കേരവൃക്ഷങ്ങളും
നിറഞ്ഞ നാട്

സുവർണ്ണകാന്തിപരത്തും
പാടങ്ങളും

മലകളും അരുവികളും നിറഞ്ഞ
നാട്

എത്രസുന്ദരം എത്രമോഹനം

എന്റെ സ്വന്തം നാട്.




നിവേദ്യ എസ്. VII A

# ഒാർമ്മയിലെ മഴ

അന്നും മഴയായിരുന്നു. കനത്ത മഴ. കൂരിരുട്ടിൽ വെളിച്ചമില്ലാതെ കുടിലാകെ അന്ധകാരത്തിലമർന്നപ്പോൾ കാറ്റും കോളും ഇടിയും മിന്നലുമുള്ള ഒരു രാത്രി .വിളക്കിൽ ഒഴിക്കാൻ മണ്ണെണ്ണയില്ലാതെ തപ്പിതടഞ്ഞ് വയൽ വരമ്പിലൂടെ നടന്നുപോയ ആ രാത്രി ഒാർമ്മിച്ചുപോവുകയാണ്. മിന്നലിൻെറ വെളിച്ചത്തിൽ നടന്നും  ഇടിയുടെ നടുക്കത്തിൽ നിന്നും വെള്ളം നിറ  ഞ്ഞ വയൽ വരമ്പിലൂടെ നടക്കുമ്പോൾ വഴുതി വീണും ഒരു വിധം കടയിലെത്തി തിരിച്ചുവന്നതുമെല്ലാം ഒരു വെള്ളിത്തിരയിലെന്നതുപോലെ ....
കാറ്റിൻെറ ശീൽക്കാരവും തെങ്ങിൻതലപ്പുകളുടെ വീശിയടിക്കുന്ന രൗദ്രഭാവവും !
ഇന്നും നടുക്കത്തോടെയല്ലാതെ  ഒാർമ്മിക്കാൻ കഴിയുകയില്ല. അങ്ങിനെയൊരു കാലവർഷം പിന്നീട്  ഉണ്ടായിട്ടില്ല. ഈ വൻ പ്രളയകാലത്തു പോലും.

# ഞാൻ

ആരായിരുന്നു ഞാൻ
മണ്ണായിരുന്നു ഞാൻ
ആരാകിലുമെന്ത് ?
മണ്ണായിത്തീരുമീ ഞാൻ

# മൾബറി പുഴു



ഒരു മനോഹര നഗരത്തിൽ അനീഷയും അലീനയും അവരുടെ സഹോദരൻ അലനും അമ്മയും സന്തോഷത്തോടെ ജീവിച്ചിരുന്നു. ആ നഗരത്തിലെ മുഖ്യഭക്ഷണ പദാർത്ഥമാണ് മൾബറി. മൾബറികൊണ്ടുള്ള പലതരം ഭക്ഷണങ്ങളാണ് അവർ രാവിലേയും രാത്രിയിലും ഉച്ചക്കും കഴിക്കുന്നത്. അനീഷയും അലീനയും പത്തുവയസ്സ് പ്രായമുള്ള രണ്ട് കൊച്ച് പെൺകുട്ടികളാണ്. അലൻ ഇവരേക്കാൾ മൂന്ന് വയസ്സ് മൂത്തതും. ഒരു ദിവസം രാവിലെ അവർ മൂന്ന് പേരും അമ്മയും മൾബറി ജാമും

ബ്രെഡ്ഡും കഴിക്കുകയായിരുന്നു.
അപ്പോഴാണ് അലൻ ജീമിന്റെ
ഭരണിയുടെ മുകളിൽ ഒരു മൾബറി
പുഴുവിനെ കണ്ടത്. അവൻ
ഉടൻതന്നെ അതിനെ കൊല്ലാൻ
വേണ്ടി കമ്പെടുത്തു. അനീഷക്കും
അലീനക്കും സങ്കടമായി. അവർ
അതിനെ കൊല്ലാൻ
അനുവദിക്കാതെ ഒരുചെറിയ
ഇലയിലെടുത്ത് പുറത്തെ ഒരു
കുറ്റിച്ചെടിയുടെ മുകളിൽ
കൊണ്ടുവച്ചു. അപ്പോഴാണ്
അവരുടെ അമ്മ അവരോട്
പറഞ്ഞത്, വർഷക്കാലം എത്തി
നമ്മുടെ  മൾബറി ജാം എല്ലാം
തീർന്നു. അതിനാൽ പഴം
ശേഖരിക്കേണ്ടതുണ്ട്.
ഇതുകേട്ടതോടെ അനീഷയും
അലീനയും പഴം പറിക്കാൻ
തയ്യാറായി, അമ്മക്ക്
സന്തോഷമായി. അനീഷയും

അലീനയും പഴക്കൂടയുമായി നടന്നു.
കുറെ നടന്നപ്പോൾ
അവർക്കൽഭുതമായി. നിറയെ
മൾബറികൾ, അവർ
പ്രതീക്ഷിച്ചതിലും അധികം.
മൾബറികൾ പറിച്ച് കൂട നിറ
ക്കുകയും വിശപ്പ് മാറുന്നതുവരെ
അവർ മൾബറികൾ കഴിക്കുകയും
ചെയ്തു. സന്തോഷത്തോടെ അവർ
തിരിച്ച് നടക്കാൻ നോക്കിയപ്പോൾ
നേരം ഒരുപാട് വൈകിയിരിക്കുന്നു.
തിരിച്ചുപോകാനുള്ള വഴിയും
തെറ്റിയിരിക്കുന്നു.
അവർ കരയാൻ തുടങ്ങി. പെട്ടന്ന്
ഒരുമാലാഖ അവിടെ പ്രത്യക്ഷപ്പെട്ടു.
അവൾ പറഞ്ഞു, ഇന്ന് നിങ്ങൾ
ഇവിടെ ഉറങ്ങിക്കൊള്ളൂ നാളെ
രാവിലെ പോകാം. ഈ കാട്ടിൽ
എങ്ങിനെ കിടക്കും ?. അവരുടെ
ചോദ്യം

കഴിഞ്ഞപ്പോഴെക്കും പതുപതുത്ത മെത്തകൾ പ്രത്യക്ഷപ്പെട്ടു. അലീനക്കും അനീഷക്കും അൽഭുതമായി. പെട്ടന്ന് മാലാഖ അപ്രത്യക്ഷമായി. ക്ഷീണം കാരണം അവർ ഉറങ്ങിപ്പോയി. രാവിലെ ഉണർന്നപ്പോൾ കണ്ടത് മൾബറി രാജാവ് മുന്നിൽ നിൽക്കുന്നു. അവരോട് രാജാവ് നന്ദി പറഞ്ഞു, എന്തിനെന്നുവച്ചാൽ വർഷത്തിൽ മൂന്ന് മാസം രാജാവിന് പുഴുവിന്റെ രൂപത്തിൽ ജീവിക്കണം. അന്ന് അവർ രക്ഷിച്ച പുഴുവായിരുന്നു രാജാവ്. അനീഷക്കും അലീനക്കും അൽഭുതമായി. അവരെ തിരിച്ച് വീട്ടിലെത്തിക്കുകയും കുട്ടനിറയെ മൾബറിപഴങ്ങൾ നൽകുകയും ചെയ്തു. വീട്ടിലെത്തിയ അവർ അമ്പരന്നു. മേശയുടെ മുകളിൽ നിറയെ സമ്മാനങ്ങൾ.കുട്ടികളെ കണ്ടതോടെ അമ്മയക്ക്

സന്തോഷവും സമാധാനവുമായി.
നടന്ന എല്ലാകാര്യങ്ങളും അവർ
അമ്മയോട് പറഞ്ഞു.
ആവർഷക്കാലം അവർ
സന്തോഷമായി ചെലവഴിച്ചു.

ബിനുശ്രീ.ബിജോയ് ടി

VII B



# സഹായം

ഗ്രാമത്തിൻെറ ശാന്തതയിൽ നിന്ന് പട്ടണത്തിൻെറ  തിരക്കേറിയ ജീവിതത്തിലേക്ക് പറിച്ചെറിയപ്പെട്ട ജീവിതമാണ് മനുവിൻേറത് . അവൻെറ ഗ്രാമത്തിൻെറ അഭിമാനമായിരുന്നു അവൻ . പഠനത്തിലും ജീവിതമൂല്യങ്ങളിലും മറ്റുള്ളവർക്ക് മാതൃയാക്കാൻ കഴിയുന്നവൻ .  ഗ്രാമത്തിലെ എല്ലാവർക്കും സഹായഹസ്ഥങ്ങൾ നീട്ടിയിരുന്നവനായിരുന്നു അവൻ . തൻെറ ഇല്ലായ് മയിലും മറ്റുള്ളവരെ സഹായിക്കുന്നതിലായിരുന്നു  അവൻ ആനന്ദം കണ്ടെത്തിയിരുന്നത്. എല്ലാവർക്കും താങ്ങും തണലുമായിരുന്ന മനു വളർമ്മപ്പോഴും അവൻെറ സഹായമനസ്കത കൈവിട്ടില്ല. ജോലിയുടെ ഭാഗമായി ഗ്രാമത്തിൽ നിന്നും പട്ടണത്തിലേക്ക് താമസം മാറേണ്ടിവന്നു . പട്ടണത്തിലെ കാഴ്ചകൾ കൗതുകത്തോടുകൂടിയാണ്   അവൻ കണ്ടു നിന്നിരുന്നത്.  പട്ടണത്തിൽ എത്തിയപ്പോൾ പുതിയ ആളുകളുമായി ചങ്ങാത്തം കൂടി. അവരുടെ ജീവിത രീതികൾ  മനുവിൻെറ

ജീവിതത്തെ വച്ചു നോക്കുമ്പോൾ  വളരെ വ്യത്യസ്തമായിരുന്നു . സഹായമനസ്സുള്ള അവനെ അവൻെറ പുതിയ ചങ്ങാതിമാർ വളരെയധികം ചുഷണംചെയ്യാൻ  തുടങ്ങി . അവരുടെ ധൂർത്തടിച്ചുള്ള  ജീവിതത്തിൽ അവർ മനുവിനെ പിഴിഞ്ഞെടുക്കാൻ തുടങ്ങി. കൂട്ടുകാരുടെ ചതിയൊന്നും അവൻ അറിഞ്ഞിരുന്നില്ല. വീണ്ടും ആവശ്യങ്ങളുമായി മുന്നിലെത്തുന്ന അവർക്ക് പണം കൊടുക്കുകയാണ് മനു ചെയ്തത് മറ്റുള്ളവരെ സഹായിക്കാനായി പലയിടത്ത് നിന്നും കടം വാങ്ങാനും തുടങ്ങി .

തൻെറ ചികിൽസക്കായി പണം എടുക്കാൻ പോലും ഇല്ലാത്ത വിധം അതപ്പതിച്ചിരുന്നു അവൻ . തൻെറ വീഴ്ചയിൽ കൂടെയുണ്ടാകുമെന്ന് കരുതി സഹായിച്ച ഒരു കൂട്ടുകാരും സഹായിക്കാനുണ്ടായില്ല. ആത്മാർത്ഥമായി മറ്റുള്ളവരെ  സഹായിച്ച അവനെ കാത്തിരുന്നത് ഇത്തരത്തിലുള്ള പചു കുഴിയിലായിരുന്നു. ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ച അവൻെറ മുന്നിലേക്കെത്തിയത് അവൻെറ സുഹൃത്തുക്കളായിരുന്നില്ല , അവൻെറ ഗ്രാമത്തിലെ  അവൻ  സഹായിച്ചവരായിരുന്നു.

ഒരിക്കലും തിരിച്ചുകിട്ടില്ലെന്ന് വിചാരിച്ച് ചെയ്ത സഹായങ്ങളാണ് അവസാനം അവനെ സഹായിക്കാനെത്തിയത്. ആപത്ത് കാലത്ത് കൂടെയുണ്ടാകുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കളെന്ന് അവന് ഇതിലൂടെ മനസ്സിലായി. അവരുടെ സഹായത്തോടെ അവൻ ആരോഗ്യം വീണ്ടെടുത്തു . അവന് നഷ്ടപ്പെട്ടവ തിരിച്ചു പിടിക്കുകയും ചെയ്തു . നാം ചെയ്യുന്ന സഹായങ്ങൾ വെറുതെയാകുകയില്ലെന്നും അവന് മനസ്സിലായി.

അൽന നിമേഷ്. x എ

# الانسان


قام سليم امام بيته حزينابنظره الي الامام.كان قلبه صفرا عن الحياة ومليئا بذكرياته الي الوراء.

من كنت من قبل؟ماذا كان في مكان هاذالمبني الهدود.       ذكر
عن طفولته ذكر ذالك الكوخ الصغير .فيه اربعة
صغار و ابويه و جده وجدته.يقضي مع السروروالهداء.ولاكن
اذا كان اتى المطر لا يستطيع لامه ان تنام لانه تسيل الماء
على ابنائها وتضع الاناء كل مكان ان تنام لابنائه ولاكن ما
هدم كوخهم الى الابد ونشأابنائهم وساعدوا ابوهم  وارتفع
احوالهم وفى الاخير وصل ابن الكبير في الخليج صار رقي
يوم ويوما في عيشهم .وبدأو  ان تشبع بطونهم وان يلبس لباس
جيد
بعد سنتين ارتفع في مكانالكوخ مبني كبير. ما زال ذالك
السرور في هذه الاسرة.وصل اليهم ذلك الموسم للمطر وصل
ذالك بعد شدة الصيف.وبذاك حسبوا  كنعمةلهم .هذالحال تبع
اياما كثير متتابعا. وفي يومسمع اخبار افات من انهاء البلاد
ولاكن اذن ايضا....وفي الاخير

في مطر شديد لا يستتيع ان يذكر ......جرى نهرافي مكان بيته
مالاحلام عن البيت!!!!؟
مالاحلام عن الاطفال!!!؟
مالاحلام عن المستقبل!!!؟

Ramsheena رمشينة
xب

*chithrasala*



***vedha siva***

V A

നന്ദി